# ആർട്ടിക്കിൾ

കഥകൾ

കവിതകൾ

യാത്രാ വിവരണം

ലേഖനം

ഗവ.എച്ച് എസ് എസ് അഞ്ചൽ വെസ്റ്റ്

മാഗസിൻ 2020

# ഇന്ത്യൻ ഭരണഘടന

## ആമുഖം

നമ്മൾ,ഭാരതത്തിലെ ജനങ്ങൾ,ഭാരതത്തെ ഒരു പരമാധികാര-സ്ഥിതി സമത്വ-മതനിരപേക്ഷ-ജനാധിപത്യ-റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും  ഭാരതത്തിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി,ചിന്ത, ആശയാവിഷ്കാരം,വിശ്വാസം,ഭക്തി,ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,സ്ഥാനമാനങ്ങൾ,അവസരങ്ങൾ, എന്നിവയിലുള്ള സമത്വം,എന്നിവ ഉറപ്പുവരുത്തുന്നതിനും

വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന ഭ്രാതൃഭാവം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്, 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം, ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായ് തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

# നമ്മുടെ സ്കൂൾ...



കൊല്ലം ജില്ലയിൽ അഞ്ചൽ ഉൾപ്പെടു ന്ന കിഴക്കൻ മേഖലയിലെ അഞ്ചൽ എന്ന പട്ടണത്തിൽ സ്ഥിതിചെയ്യുന്ന സ്കൂളാണ് അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കൻ ഡറി സ്കൂൾ. എസ്.എസ്.എൽ.സി, പ്ലസ് ടു ക്ലാസ്സുകളിൽ മികച്ച വിജയം കരസ്ഥ മാക്കുന്ന കൊല്ലം ജില്ലയിലെ ഏറ്റവും വലിയ ഗവ. സ്കൂളുകളിലൊന്നാണിത്.

തുടർച്ചയായി കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് വിജയം സമ്മാനിക്കുന്ന സർക്കാർ സ്കൂളുമാണിത്. 2018 എസ്.എസ്. എൽ. സി പരീക്ഷയിൽ 103 കുട്ടികൾ ഫുൾ എ പ്ലസ് നേടി.

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നിർദേശിച്ചിട്ടുള്ള വികസന പ്രവർത്തന ങ്ങൾ വളരെ കാര്യക്ഷമമായി നിർവഹിച്ചുവരുന്നു. സ്ഥലം എം.എൽ.എയും ബഹുമാന്യനായ വന- വന്യജീവി വകുപ്പ് മന്ത്രിയുമായ അഡ്വ. കെ. രാജുവിന്റെ ആസ്തി വികസനഫണ്ടിൽ നിന്നും ഒരു കോടി പത്തുലക്ഷം രൂപയുടെ കെട്ടിടസമുച്ചയം പൂർത്തീകരണ ഘട്ടത്തിലാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ ത്തിന്റെ ഭാഗമായി 600 ലധികം കുട്ടികളാണ് 2019-20 അധ്യയനവർഷം സ്കൂളിൽ പുതുതായി എത്തിയത്. വരുംവർ ഷങ്ങളിൽ ഈ പ്രവണത തുടരുകതന്നെ ചെയ്യും എന്നുറപ്പുവരുത്തി, കുട്ടിക ളുടെ പ്രയത്നം സൃഷ്ടിക്കുന്ന മികവുകളുടെ ഉദാത്ത മാതൃകകൾ പങ്കുവച്ച്, കൊല്ലം ജില്ലയിലെ ഏറ്റവും മികച്ച സ്കൂൾ ആയി ഇനിയും മുന്നോട്ട്.....

അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കുന്ന ഇ-മാഗസിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു. സാങ്കേതികവിദ്യകളുടെ പ്രയോഗം സാധ്യമാകത്തക്ക തരത്തിൽ കേരള ത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളും ഹൈടെക് ആയതിന്റെ പ്രായോഗിക ഫലമാണ് ഇത്തരം പ്രവർ ത്തനങ്ങൾ എന്നത് കേരള സർക്കാരിന്റെ ഇച്ഛാപൂർവമുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മഹത്വം വെളിപ്പെടുത്തുന്നു. ഏറ്റെടുത്ത മാഗസിൻ പ്രവർ ത്തനങ്ങൾ എത്രയും വിജയകരമായി, സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സസ്നേഹം,

ബാബുപണിക്കർ

സ്കൂൾ പി.ടി.എ പ്രസിഡന്റ്

**STATEMENT OF OWNERSHIP AND PARTICULARS**

The publication of GOVT. HIGHER SECONDARY SCHOOL, ANCHAL WEST, KOLLAM

Publisher : B. Shylaja

Nationality : Indian

Address : B Shylaja,Headmistress,
GHSS ANCHAL WEST

Place of publication :Anchal

Editors Name :B. Shylaja

I, B. Shylaja hereby declare that the particulars given above are true to the best my knowledge and belief.

# പൊൻമുടി യാത്ര



പ്രഭാതത്തിൽ ഞാനും കൂട്ടുകാരും യാത്ര പോകാൻ തുടങ്ങി.തിരുവനന്തപുരം ജില്ലയിലെ പൊൻമുടിയിലേക്കാണ് യാത്ര. വിതുരയിൽ നിന്ന് 28 കിലോമീറ്റർ കഴിഞ്ഞാൽ പൊൻമുടിയിലെത്തും. മൂന്നാറിലെ തെയില ത്തോട്ടം പോലെ അവിടെയും തെയില ത്തോട്ടമുണ്ട് .ഞാനും എന്റെ കൂട്ടുകാരും പൊൻമുടിയിൽ നിന്ന് കാട്ടു തേനും തെയിലയും വാങ്ങിച്ചു . പശ്ചിമഘട്ടത്തിന്റെ ഭാഗമാണ് പൊൻ മുടി.നമ്മൾ കേട്ടിട്ടുള്ളത് പൊൻമുടി എന്നത് ഇടതൂർന്ന വനമാണ് പക്ഷെ അതിനു പിന്നിൽ അത്ഭുതങ്ങളുണ്ട്.

22 ഹെയർപിൻ വളവുകൾ കഴിഞ്ഞാൽ മാത്രമേ പൊൻമുടിയിലെ ഹിൽസ്റ്റേഷനിൽ എത്താൻ കഴിയു .വിതുരയിൽ നിന്ന് 45 മിനിട്ടുകൾ കഴിഞ്ഞ് പൊൻമുടിയിൽ എത്തി.നട്ടുച്ച ,സമയം ഒന്നര ,പൊൻമുടിയുടെ ഹൃദയഭാഗത്ത് അടുക്കുന്തോറും തോടും രക്തം മരവിപ്പിക്കുന്ന

തണുപ്പ്.ഒരു ഭാഗത്ത് ചെങ്കുത്തായ സ്ഥലം. മറു ഭാഗത്ത് മല . കാർ പാർക്ക് ചെയതു. ഞാനും കൂട്ടുകാരും പൊൻമുടി മലയുടെ സൗന്ദര്യം അസ്വദിക്കാൻ തുടങ്ങി.സാഹസിക യാത്രകളുടെ ഒരു കേന്ദ്രമാണ് പൊൻമുടി.പൊൻമുടി എന്ന് പേരു വീഴാൻ കാരണം പൊന്ന് കാക്കുന്ന മല എന്നാണ്.

# അവസാന വണ്ടിയും പോയപ്പോൾ

പണ്ട് പണ്ട് ഒരിടത്ത് ഒരു അപ്പൂപ്പൻ ഉണ്ടായിരുന്നു. ആ അപ്പൂപ്പന് ഒരു കാളവണ്ടിയും ഉണ്ടായിരുന്നു. അദ്ദേഹം എന്നും ആ വണ്ടിയും ഉന്തി പോകുമായിരുന്നു. ആ വണ്ടിയിൽ ചരക്ക് സാധനങ്ങൾ ഉണ്ട്. അത് ചാലയിൽ ഇരക്കാൻ വേണ്ടി എന്നും അദ്ദേഹം ആ കാളവണ്ടികൊണ്ട് പോകുമായിരുന്നു. ഒരു ദിവസം ഇദ്ദേഹം ചരക്ക് ഇറക്കാൻ പോയപ്പോഴാണ് അവിടെ ഒരു ആട്ടിൻ കുട്ടി നില്ക്കുന്നത് കണ്ടത് പക്ഷെ അതിനെ നോക്കുവാൻ ആരും ഇല്ലായിരുന്നു. അതിനെ കെട്ട് അഴിച്ച് വിട്ടിരിക്കുന്നത് കണ്ടപ്പോള അദ്ദേഹത്തിന് ഓർമ്മവന്നു . തന്റെ ആട്ടിൻ കുട്ടിയെ കൊണ്ട് കളഞ്ഞപ്പോൾ ഉണ്ടായിരുന്ന വിഷമം പോലെ മറ്റൊന്നും വേറെ ഇല്ലായിരുന്നു അപ്പോൾ അവിടെ നിന്ന തന്റെ കാളയും വണ്ടിയും എങ്ങോട്ടോ ഓടിപ്പോയി. അദ്ദെഹം അവിടെയെല്ലാം നോക്കിയിട്ടും കാളയും വണ്ടിയും കണ്ടില്ല.

അദ്ദെഹം ചിന്തിച്ചു ഞാൻ ഇനി എങ്ങനെ എന്റെ വീടവരെ പോകും എന്തുമാത്രം ദൂരം ഉണ്ട് എന്റെ ഭാര്യ അവിടെ ഒറ്റയ്ക്കാണല്ലോ. ഈ കാലും വയ്യാതെ ഞാൻ ഇത്രയും ദൂരം എങ്ങനെ പോകും. അദ്ദേഹത്തിന് ചിന്തകൾ പെരുകുന്തോറും മഹാസംകടങ്ങൾ മാത്രം. ആകെ ഉണ്ടായിരുന്നത് ആ കാളവണ്ടിയായിരുന്നു. അതും പോയല്ലോ ദൈവമേ. അപ്പോഴാണ് അദ്ദെഹം വേറൊരുകാളവണ്ടിവഴുന്നത് കണ്ടത് അത് കൈകാണിച്ച് അദ്ദെഹം വീട്ടിൽ എത്തി ആ കാളവണ്ടി എവിടെയോവെച്ച് ഞാൻ കണ്ടതുപോലെ എനിക്ക് തോന്നുന്നലോ അദ്ദേഹം ചിന്തിച്ചു.

അപ്പോഴാണ് അത് സ്വന്തം വണ്ടിയെന്ന് മനസിലായത് അദ്ദെഹം ആ വണ്ടിയുടെ പിറകെ ഓടിയെകിൽ അതിനെ കണ്ടെത്തിൻ ആയില്ല. ഒരു ദിവസം വൈകിട്ട് അദ്ദെഹം പുറത്തേക്ക് ഇറങ്ങി നല്ല മഴക്കോലള് ഉണ്ടായിരുന്നു'അയ്യോ'

ഇപ്പം മഴപെയ്യുമല്ലോ ഞാൻ ഇനി എന്ത് ചെയ്യും മഴ പെയ്യാൻ തുടങ്ങി അപ്പോഴാണ് കാളവണ്ടി ഉന്തി വരുന്നത് അയാൾ കണ്ടത്. അപ്പോൾ ആ കാളവണ്ടി അദ്ദെഹത്തിന്റെ അടുക്കലേക്ക് ചെന്നു അദ്ദെഹം ആ കാളയോട് ചോദിച്ചു. നിന്നെ കാണാനതിൽ ഞാൻ വിഷമിച്ചു.

ആ കാള ഒന്നും മിണ്ടിയില്ല. സാധാരണ എന്തെങ്കിലും പറഞ്ഞാൽ അത് വിളിക്കുമായിരുന്നു. അപ്പോഴാണ് അതിന്റെ കാല് തളർന്നു പോയത് കണ്ടത്. അപ്പോൾ അദ്ദേഹത്തിന് മനസ്സിലായി ഇതിന്റെ ജീവൻ ഏതാണ്ട് അവസാനിക്കാൻ പോണെന്ന് ആ കാള അവിടെ അങ്ങ് തളർന്ന് കിടന്നു. . അതിന്റെ ജീവൻ പോയി അദ്ദേഹം തലയ്ക്ക് കൈകൊടുത്ത് അവിടെ അങ്ങ് ഇരുന്നു അടുത്തെങ്ങും ആശുപത്രിയുമില്ലല്ലോ . ആകെ അയാൾക്കു ആ ഒരു വണ്ടി മാത്രമെ ഉണ്ടായിരുന്നുള്ളു അങ്ങോട്ട് പോകാനും വരാനും അയാൾ തലയ്ക്ക് കൈ കൊടുത്ത് പറഞ്ഞു ആ അവസാന വണ്ടിയും പോയല്ലോ ദൈവമെ...!!!!!

# നാകപ്പാത

നാകപ്പാതയിലൂടെ കുത്തിയൊലിക്കുന്ന മഴയാണ്.ജവിതത്തൽ എല്ലാം തന്നെ നഷ്ടമായിരിക്കുന്നു. എന്തു ചെയ്യണമെന്നറിയാതെ നാല് മുറികളിൽ ഒതുങ്ങിക്കൂടിയിരിക്കുന്ന അവശനായ ഗോപി ജിവിതത്തിലെ ഒരു മനുഷ്യന് അനുഭവിക്കുന്നതിനെക്കാളും എത്രയോ ദുഃഖങ്ങളും വേദനകളും ഗോപി അനുഭവിച്ചിരിക്കുന്നു.ജീവിതമാകെ  വെറുത്ത മട്ടിൽ എന്ത്  ചെയ്യണമെന്നരറിയാതെ ജിവിതത്തോടും ദൈവ വിശ്വാസത്തനമേലും ഉള്ള അറപ്പ് തന്നിൽ താൻ കാട്ടികൊണ്ട് സ്വയം ചൊരിയുന്ന അവിശ്വസസനീയം അടക്കി വച്ചിരിക്കുന്നു.

തന്റെ ജീവിതത്തിൽ നടന്ന പ്രശനങ്ങളും  വേദനകളും വേറെ അർക്കും ഉണ്ടാകരുതെന്ന് പ്രാർത്ഥിക്കുന്നു.  അവന്റെ അമ്മയുടെ മരണത്തിന് അവൻ തന്നെ കാരണമായി എന്ന വേദന അവന്റെ ജീവിതത്തെ ആകമാനം ബാധിച്ചിരിക്കുന്നു

ദാരിദ്രത്തിന്റെ വലയിൽ കുടുങ്ങിയിരിക്കുന്ന ജീവിതമായിരുന്നു ഗോപിയുടേത് അച്ഛന്റെ വാത്സല്യമോ സ്നേഹമോ കിട്ടാതെ അമ്മയുടെ തണലിലാണ് ഗോപി കഴിഞ്ഞിരുന്നത്.പലനാൾ പട്ടിണി കിടന്നും വേദനകൾ അനുഭവിച്ചും ഗോപിയെ അമ്മ വളർത്തി ഒരു നാൾ അവൻ വളർന്ന് അകാശത്തിലേക്ക്  ഉയരുമെന്ന കരുതി.  അങ്ങനെയിരിക്കെ  തന്റെ ഗ്രാമത്തിൽ നിന്നും നഗരത്തിലേക്ക് വിധി കൊണ്ടുപോയി.തന്റെ അമ്മയുടെ മരണത്തിന് അത് ഒരു കാരണമാകുകയും ചെയ്തു.    തിരക്കാർന്ന ഒരു നഗരത്തിൽ ജോലിക്കുവേണ്ടി പോയ ഗോപി ഏറെ നാളായി അമ്മയെ കാണുവാനും ഒന്നിനും വരുന്നില്ല.അമ്മയ്ക്ക് രോഗങ്ങൾ ബാധിക്കുകയും ചെയ്യതിരുന്നു.അമ്മയെ വിളിക്കുവാനോ കാണാൻ വരാനോ ഒന്നിനും തന്നെ അവൻ ഒട്ടും സമയമില്ലായിരുന്നു.അമ്മയിൽ നിന്നുണ്ടായ ഗോപി ജീവിതത്തിൽ ഉയർന്ന നിലയിൽ എത്തിയ ഗോപി അമ്മയെ ഒരു ഭാരമായി കണ്ടു.നഗരത്തിലെ തന്റെജീവിതത്തിന് അമ്മ ഒരു വിലങ്ങായിമാറിയിരുന്നു.മക്കളുടെ സാനിധ്യം പ്രതീക്ഷിക്കുന്ന അമ്മ ഇപ്പോൾ ഒരു നേരത്തെ ആഹാരത്തിന് വഴിയില്ലാതായിരിക്കുന്നു.ഒരു നാൾ ഒരു ജോലി അവശ്യത്തിന് ഗ്രാമത്തിൽ പോയപ്പോൾ അമ്മയുടെ ഓർമ്മ അവനെ ഒന്നലട്ടി എന്നിരുന്നാലും അവൻ അമ്മയെ കാണാൻ പോയില്ല.കുറെ

നാളുകളുക്കു ശേഷം തന്റെ ഗ്രാമത്തിലക്ക് പോകുവാൻ ഗോപി പര്യാപ്തനായി.തിരക്കാർന്ന മഹാനഗരത്തിൽ നിന്ന് തന്റെ ഗ്രാമത്തിലേക്ക് പോകുവാൻ അത്ര എളുപ്പമായിരുന്നില്ല.ഗോപി ഗ്രാമത്തിൽ പോകാൻ തിരുമാനിച്ചത് തന്റെ നാട്ടില് നിന്നും ആരോ തന്റ അമ്മ അവശയായി ഇന്നോ നാളയോ എന്ന മട്ടില് കിടക്കുന്നു എന്ന് പറഞ്ഞ് വിളിച്ചിരുന്നു.അമ്മയുടെ രോഗം ഒരു അനുഗ്രഹമായി അവന് തോന്നിയിരുന്നു.നഗരത്തിൽ തന്റെ ജീവിതം സുഖകരമാക്കാൻ അമ്മ ഒരു വിലങ്ങായിരിക്കരുതെന്ന് ഗോപി ചിന്തിച്ചിരുന്നു.തന്നെ ദാരിദ്രത്തിൽ നിന്നും വേദനകൾ സഹിച്ചും വളർത്തിയത് അമ്മയാണെന്ന് അവൻ പൂർണമായും മറന്നു എന്നതാണ് അതിശയം.ഗ്രാമതതിലേക്ക് പോകാൻ തീരുമാനിച്ച് ബസ് കാത്ത് നില്ക്കുകയായിരുന്നു അപ്പോൾ അവിടെ കണ്ട കാഴ്ച്ച് അവനെ വല്ലാതെ വേദനപെടുത്തി.എന്തെന്നാൽ അവിടെ ഒരമ്മയ്ക്ക് വേണ്ടി ജീവൻ വെടിഞ്ഞ ഒരു മകൻ.ആ അമ്മയും മകനും കൂടി യാത്ര ചെയ്യുതു കൊണ്ടിരികുക്കയായിരുന്നു.കാറില് നിന്ന് ഇറങ്ങി വിട്ടിലേക്ക് നടന്നു ഓർമ്മ കുറവും വയ്യായ്മയും ഉള്ളതിനാൽ അമ്മ റോഡിന്റെ നടുവിലൂടെ നടന്നു.അപ്പോഴാണ് ആ അമ്മയെ ഒരു കാർ ഇടിക്കാൻ വന്നത്.അമ്മ വല്ലാതെ പേടിച്ചിരുന്നു.അമ്മയെ കാറിലിരുത്തി ഫോണിൽ സംസാരിക്കാൻ പുറത്തു പോയതായിരുന്നു ആ മകന് തിരികെ വന്നപ്പോൾ അമ്മയെ കാണാതെ വിഷമിച്ചു.അമ്മയെ കാറിടിക്കാൻ വരുനിനതു കണ്ട് മകൻ ഓടി വന്ന് അമ്മയെ രക്ഷിച്ചു.പക്ഷേ അവന് സ്വന്തം ജീവൻ നഷ്ടപ്പെട്ടിരുന്നു.ഇതു കണ്ട ഗോപി സ്തപതനായി പോയി. ഉടനെ ഗോപി തന്റെ അമ്മയോട് താൻ ചെയ്തത് ക്രൂരതയാണ് എന്ന് അവന് മനസ്സിലായി.അവൻ അമ്മയെ കാണുവാൻ പോകാൻ ധൃതിപിടിച്ചു.കുറെ നേരം കാത്തിരിന്നിട്ടും വണ്ടി കിട്ടിയില്ല.ഗോപി തന്റെ രോഗ ബാധിതയായ അമ്മയെ കാണാൻ കൊതിക്കും നേരം അവന് ഒരു ബസ്സ പോലും കിട്ടിയിരുന്നില്ല.ഗോപി അടുത്തുള്ള കടയിൽ ചോദിച്ചപ്പോൾ അവസാന ബസ്സ 11 മണിക്കാണെന്ന് അറിയാൻ കഴിഞ്ഞു അവൻ അത്രയും സമയം അവിടെ കാത്തു നിന്നു ബസ്സിൽ കയറി കഴിഞ്ഞപ്പോഴാണ് അവന് ഒരു ആശ്വാസം ലഭിച്ചത്. എന്നാലും ദൈവം അവനെ വിട്ടില്ല അവൻ ചെയ്യുത ക്രൂരതയ്ക്ക് ദൈവമവന് നല്കിയത് അവന്റെ അമ്മയുടെ മരണമാണ്.അമ്മയുട ശവശരീരം കണ്ടപ്പോൾ ഉള്ളിലടക്കാൻ കഴിയാതത്ര വെറുപ്പ് സ്വയം തോന്നി.താനാണ് അമ്മയുടെ മരണത്തിന് കാരണം എന്ന ചിന്ത അവനെ വല്ലാതെ അലട്ടിയിരുന്നു.തന്റെ സ്വസ്ഥത ജീവിതത്തെ ആ ദുഃഖം വെറുതെ വിട്ടില്ല.ഇപ്പോൾ ഗോപി അഗ്രഹിക്കുന്നത് ആ അവസാന ബസ്സും കിട്ടാതിരുന്നിരുന്നു എങ്കിൽ തന്റെ അമ്മയുടെ ശവശരീരം

തനിക്ക് കാണേണ്ടി വരില്ലായിരുന്നല്ലോ എന്നാണ്.അമ്മയെ വിട്ടകന്നപ്പോഴാണ് അമ്മയോടുള്ള സ്നേഹം ഗോപി തിരിച്ചറിഞ്ഞത്.

# കേരളീയ തനത് കലാരൂപങ്ങൾ

ഒട്ടേറെ വൈവിധ്യമാർന്ന കലാരൂപങ്ങൾ കേരളത്തിലുണ്ട്. മിക്ക കലാരൂപങ്ങളും അനുഷ്ഠാനങ്ങളായി ആരംഭിക്കപ്പെടാത്തതാണെങ്കിലും നിലവിൽ പല കലകളും പ്രദർശനമായും നടത്തപ്പെടുന്നുണ്ട്.തനതായ കേരളീയ കലകളെ ദൃശ്യം,ശ്രവ്യം എന്ന്  പലതായി തരം തിരിചിട്ടുണ്ട്.

കാലയളവ്, ഇപ്പോൾ ഇത് പരമാവധി 5 മണിക്കൂറായി ചുരുക്കിയിരിക്കുന്നു.കഥകളി എല്ലാവരെയും രസിപ്പിക്കും. ഈ കലാരൂപം ക്രമേണ അതിന്റെ നാടകങ്ങളെ ക്ഷേത്രവേദികളിലേക്ക് മാറ്റി. പതിറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിൽ താമസിച്ചിരുന്ന ഒരു ദർശകനുണ്ടായിരുന്നു, അദ്ദേഹത്തിന്റെ പേര് ശ്രീ. എം.കെ.കെ നായർ. കേരളത്തിൽ കഥകളിയെ പ്രോത്സാഹിപ്പിക്കുന്നതിന് ആരാണ് ഇത്രയധികം സംഭാവന നൽകിയത്.

കഥകളിയെ പഠിപ്പിക്കാൻ ഒരു അക്കാദമി ഉണ്ട്, അത് “കലാമണ്ഡലം” എന്നറിയപ്പെടുന്നു, ഇത് ഭാരത നദിക്കടുത്തുള്ള ചെറിയൂരുതിയിലാണ് (ഭാരതപുഴ മുതൽ മലയാളികൾ വരെ). കേരളത്തിലെ മഹാകവി, ശ്രീ വല്ലത്തോൾ നാരായണ മേനോൻ, ശ്രീ എം.കെ.കെ നായർ എന്നിവരാണ് കലമണ്ഡലം ആരംഭിക്കുന്നത്. കലാമണ്ഡലത്തിലെ ഫാക്കൽറ്റിയിൽ ഏർപ്പെട്ടിരുന്ന ചില മുൻനിര മാസ്റ്റേഴ്സ് (ആചാര്യന്മാർ) കേരളത്തിലുണ്ട്. ലോകപ്രശസ്ത കഥകളി പണ്ഡിതൻ കലാമണ്ഡലത്തിൽ നിന്നുള്ള ശ്രീ . പട്ടിക്കംതോദിയും ലോകപ്രശസ്ത കഥകളി

കലയുടെയും ഉത്സവങ്ങളുടെയും നാടാണ് കേരളം. ലോകമെമ്പാടുമുള്ള ആളുകളെ രസിപ്പിക്കാൻ ഇതിന് എല്ലാം ഉണ്ട്. കലാ-ഉത്സവങ്ങളുടെ രംഗത്ത് കഥകളി വിഷ്വൽ ട്രീറ്റിന്റെ ഏറ്റവും മികച്ച എക്സ്പോഷറാണ്. ഇതിന് മുദ്രകളുണ്ട് (ഈന്തപ്പനയും കൈകൊണ്ടുള്ള പദപ്രയോഗങ്ങളും) കഥകളി മുദ്രകളുള്ള ഒരു കലയാണ്. മുദ്രകളുടെ അർത്ഥം അറിയുന്നവർക്ക് കഥകളി ആസ്വദിക്കാം. ഹിന്ദു സംസ്കാരത്തിലെ പുരാണങ്ങളിൽ നിന്നും എടുത്തിട്ടുള്ള പ്രതീകങ്ങൾ കൊണ്ട് സമ്പന്നമാണ് ഇത്. പഴയ ദിവസങ്ങളിൽ കഥകളി ഒരു കലയാണ്. കേരളത്തിലെ പ്രാദേശിക രാജാക്കന്മാർ കഥകളിയെ പ്രോത്സാഹിപ്പിക്കുകയും അവർ നല്ല കലാപ്രേമികളായിത്തീരുകയും എല്ലാ വർഷവും കഥകാളി ആസ്വദിക്കുകയും ചെയ്തു. ചുരുങ്ങിയത് മൂന്ന് ദിവസമാണ് കഥകളി കളിക്കാനുള്ള കാലയളവ്, ഇപ്പോൾ ഇത് പരമാവധി 5 മണിക്കൂറായി ചുരുക്കിയിരിക്കുന്നു.കഥകളി എല്ലാവരെയും രസിപ്പിക്കും. ഈ കലാരൂപം ക്രമേണ അതിന്റെ നാടകങ്ങളെ ക്ഷേത്രവേദികളിലേക്ക് മാറ്റി.

പതിറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിൽ താമസിച്ചിരുന്ന ഒരു ദർശകനുണ്ടായിരുന്നു, അദ്ദേഹത്തിന്റെ പേര് ശ്രീ. എം.കെ.കെ നായർ. കേരളത്തിൽ കഥകളിയെ പ്രോത്സാഹിപ്പിക്കുന്നതിന് ആരാണ് ഇത്രയധികം സംഭാവന നൽകിയത്. കഥകളിയെ പഠിപ്പിക്കാൻ ഒരു അക്കാദമി ഉണ്ട്, അത് "കലാമണ്ഡലം" എന്നറിയപ്പെടുന്നു, ഇത് ഭാരത നദിക്കടുത്തുള്ള ചെറിയുരുതിയിലാണ് (ഭാരതപുഴ മുതൽ മലയാളികൾ വരെ). കേരളത്തിലെ മഹാകവി, ശ്രീ വല്ലത്തോൾ നാരായണ മേനോൻ, ശ്രീ എം.കെ.കെ നായർ എന്നിവരാണ് കലമണ്ഡലം ആരംഭിക്കുന്നത്. കലാമണ്ഡലത്തിലെ ഫാക്കൽറ്റിയിൽ ഏർപ്പെട്ടിരുന്ന ചില മുൻനിര മാസ്റ്റേഴ്സ് (ആചാര്യന്മാർ) കേരളത്തിലുണ്ട്. ലോകപ്രശസ്ത കഥകളി പണ്ഡിതൻ കലാമണ്ഡലത്തിൽ നിന്നുള്ള ശ്രീ . പട്ടിക്കാംതോദിയും ലോകപ്രശസ്ത കഥകളി മാസ്റ്ററുമായിരുന്നു.

## മോഹിനിയാട്ടം

കലയുടെയും സാംസ്കാരിക രൂപങ്ങളുടെയും സമ്പന്നമായ പാരമ്പര്യമാണ് കേരളത്തിലുള്ളത്. കേരളത്തിന്റെ പൈതൃകം കലയും സംസ്കാരവും ഉപയോഗിച്ച് വേരൂന്നിയതാണ്, ഈ പുരാതന വശങ്ങൾ കേരളത്തിന്റെ പിറവിയാണ്. കലയും സാംസ്കാരിക രൂപങ്ങളും ഇല്ലാതെ കേരളം സങ്കൽപ്പിക്കാൻ പ്രയാസമാണ്. ഒരു നൃത്തരൂപമെന്ന നിലയിൽ മോഹിനിയാട്ടം ആകർഷകമാണ്, ഇതിന് നൂറുകണക്കിന് വർഷങ്ങളുടെ പാരമ്പര്യമുണ്ട്. പ്രേക്ഷകരെ രസിപ്പിക്കാൻ എല്ലാം ഉണ്ട്.

മോഹിനിയാട്ടം നിങ്ങൾക്ക് ഒരു വിഷ്വൽ ട്രീറ്റ് നൽകുന്നു. പതിനാറാം നൂറ്റാണ്ട് മോഹിനിയാട്ടത്തിന്റെ ഉത്ഭവ കാലഘട്ടമാണ്. അടിസ്ഥാനപരമായി, മോഹിനിയാട്ടം എന്ന കലാരൂപം വർണ്ണാഭമായ ചിലത് വെളിപ്പെടുത്തുന്നു, കൂടാതെ ഒരു കലാരൂപത്തിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന എല്ലാം അതിൽ ഉണ്ട്. ഇത് ഒരു സോളോ മോഡിൽ കളിക്കുന്നു. മോഹിനിയാട്ടം മനോഹരമായ ഒരു കലാരൂപമാണ്, ഇതിനെ കേരളത്തിന്റെ ഒരു മികച്ച നൃത്ത ദർശനമായി നിർവചിക്കാം. ഇന്ത്യൻ ക്ലാസിക്കൽ ഡാൻസ് ഡിവിഷന്റെ രംഗത്ത് മോഹിനിയാട്ടം ഒരു പ്രധാന പങ്ക് വഹിക്കുന്നു. എട്ട് ഇന്ത്യൻ ക്ലാസിക്കൽ നൃത്തങ്ങളിൽ ഒന്നാണിത്. വളരെ അർത്ഥവത്തായ ഒരു കലാരൂപമായി സംഗീത നാടക അക്കാദമി മോഹിനിയാട്ടത്തെ തിരഞ്ഞെടുക്കുന്നു. ഈ കലാരൂപത്തിന് ലോകമെമ്പാടുമുള്ള അംഗീകാരം ലഭിക്കുന്നു, കൂടാതെ മോഹിനിയാട്ടം പരിശീലിക്കാൻ ഓരോ വർഷവും നൂറുകണക്കിന് വിദേശ സ്ത്രീകൾ വരുന്നു. മോഹിനിയാട്ടത്തെ പ്രോത്സാഹിപ്പിക്കാൻ കേരള കലാമണ്ഡലം പ്രത്യേകിച്ചും താൽപര്യം കാണിക്കുന്നു. കേരളത്തിലെ ക്ഷേത്ര-സ്കൂൾ ഉത്സവങ്ങൾ മോഹിനിയാട്ടത്തിന് ധാരാളം അവസരങ്ങൾ നൽകുന്നു. സ്ത്രീകളുടെ സോളോ പാരായണം എന്ന നിലയിൽ മോഹിനിയാട്ടം എല്ലാ കാര്യങ്ങളിലും വളരെ സവിശേഷമാണ്.

## ചാക്യാർ കൂത്ത്

ചാക്യാർ കൂത്ത ഒരു ആക്ഷേപഹാസ്യകലയാണ്, എല്ലാവരേയും രസിപ്പിക്കുന്ന ഘടകങ്ങൾ ഉണ്ട്. ഇത് വളരെയധികം ചിരി സൃഷ്ടിക്കുന്നു, ചാക്യാർ കൂത്ത വിഷയം ചില സമകാലിക സംഭവങ്ങൾ വെളിപ്പെടുത്തുന്നു. ചാക്കിയർ ഒരു തമാശക്കാരനാണ്, പ്രേക്ഷകരെ രസിപ്പിക്കുന്നതിനായി അദ്ദേഹം ആംഗ്യങ്ങളും തമാശകളും പറയുന്നു. വളരെയധികം സവിശേഷതകളുള്ള ഒരു കലാരൂപമാണിത്. ചാക്യാർ കൂത്ത, കലാരൂപം ധാരാളം ആസ്വാദനങ്ങൾ ഉറപ്പാക്കുന്നു, ചിരിയില്ലാതെ അത് കാണാൻ കഴിയും. ചാക്യാർ കൂത്തിന് നൂറുകണക്കിനു വർഷങ്ങളുടെ പാരമ്പര്യമുണ്ട്. എന്നിരുന്നാലും, സമാനതകളില്ലാത്ത ഈ കലാരൂപത്തിന് ക്ഷേത്രവേദികളിൽ നിന്ന് വളരെയധികം ശ്രദ്ധ ലഭിക്കുന്നു.

കേരളത്തിന്റെ കലാരൂപമായ കഥകളി, ചാക്യാർ കൂത്ത് പ്രതിവർഷം നൂറുകണക്കിന് വിദേശ സന്ദർശകരെ രസിപ്പിക്കുന്നു. ഈ കലാരൂപങ്ങൾ ആസ്വദിക്കാനായി അവർ കേരളത്തിലെ ക്ഷേത്ര വേദികൾ സന്ദർശിക്കുന്നു. ഒരു കലാരൂപത്തിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന എല്ലാം അംശങ്ങളും ഇതിലുണ്ട്. പ്രത്യേകിച്ചും ധാരാളം നർമ്മവും നാടകീയ പ്രകടനങ്ങളും. ചാക്യാർ കൂത്തും കഥകളിയും കേരളത്തിലെ വർണ്ണാഭമായ വിനോദ കലാരൂപങ്ങളാണ്. അവ വരും തലമുറകൾക്കായി സംരക്ഷിക്കേണ്ടതുണ്ട്. അനുദിനം, ഈ കലാരൂപങ്ങൾ കുറഞ്ഞുവരികയാണ്, ഈ കലകളെ പഠിക്കാനും കളിക്കാനും പുതിയ തലമുറയ്ക്ക് താൽപ്പര്യവും ആർജ്ജവും ഉള്ള സമീപനം ഉണ്ടാകണം. ചാക്യാർ കൂത്ത കലാരൂപം നിലവിലെ സാമൂഹിക-രാഷ്ട്രീയ കാര്യങ്ങളിലൂടെ കടന്നുപോകുന്നു, ഇത് എല്ലാവരേയും രസിപ്പിക്കുന്ന ഒരു സമ്പൂർണ്ണ കലാരൂപമാണ്.

# FATHER’S HELP

[ This is my first day as a teacher. The same school, the same class. When I was coming here I have two villains. The first one is Geography and the other is my sweet father.

Oh! I forget I am Swami. In Register Swaminadhan, no: 8 10th B]

[SCENE I]

Your Attendance please

Tr: Vishnu M V

present sir,

Dileep

present sir,

Kishore

present sir,

Swami... Swaminadhan [ Tr: repeats the name]

Absent sir

[SCENE II]

Home, Swami’s room [ Alarm rings]

[Swami is lying on the bed, mother calling him]

Mother: Swami...... Swami.......

[Swami covers the bed sheet over his face. Mother removes the sheet.

Mother: Get up Swami, Get up time is going....Its too late. Aren't you going to school today?

Swami: One more minute please.....

[He again covers his face]

Mother: As you like..... I am going. I have a lot of works in the kitchen

Swami: [ Swami gets up]

Oh! My god Today is Monday. It seems to be that the Fridays last period was just now.

[on the walls picture of cricket players and film stars are displayed. He kisses on it and a chart displaying Geography.]

Swami:[ brushing his teeth] [soliloquy]

oh! God how nice it would be when an earthquake would come and destroy the school buildings. I don't want to go to school. I have to find out a trick. Yes I got it.

[SCENE III ]

Kitchen

[Mother is washing the dishes]

Swami: Mom, I have a headache. I can’t go to school today.

Mother: why don’t you go to school in a jut-ka

Swami: so that I may be completely dead at the other end.

Have you any idea what it means to be jotted in a jut-ka?

Mother: But do you have any important lessons today?

Swami: Important......

That geography sir has been teaching the same lessons for over a year now. And we have arithmetic class which means a whole period we are going to be beaten.

Mother: But Swami........

Swami: Mom, don’t irritate me please.

Mother:okay...... okay you stay at home and take rest

[Father enters]
Father: Hey , Swami what's going on here?
Aren't you going to school today.
Swami: Dad,I have a headache and can't go to school today.
Father: Nonsense.. what are you talking?
You should go to school today. You should ask me before you take a decision.
Swami:But father.....its too late. What will the teacher think if I go so late
Father: Tell him you have a headache and so you are late.
Now go and dress up

[Swami goes ]

Father: Sheela, nowadays he is very lazy. Why is it? Don't encourage him.
Mother: Please don't say like that he is a child and he says he is feeling headache.
Father: Headache, he is pretending it. He is not having any headache
[Swami enters]
Swami: Dad my teacher is so violent. Some days before he had made a boy to stay on his knees for a whole period after giving six cuts with a cane. I am afraid to go late in the class.
Father:what's his name?
Swami: Samuel
Father: Ok. You should give this letter to the HM.
Swami:What have you written in it?

Father:There is nothing for you. Just give to him and bring that acknowledgement.
Swami: Have you written anything against our Samuel sir?
Father: When your HM reads it he would probably dismiss your Samuel sir. Oh.... that's enough for you... go
[All the problems started here]
[On the way]
[What a cruel boy am I. Nobody will try to ruin his own teacher's life. I'm the worst student in this world. Actually is he a cruel man? No, I don't know. How much of my words were true. He is very generous especially with me. If I hand over the letter what will be the consequerces. The police will arrest him and he will be dismissed. My dad he has put me in trouble. Anyway I will hand over it only in the evening]
[SCENE IV]
Class room
[Samuel sir is teaching. A globe is in his hand]
Samuel: Ok... so we are discussing how Himalaya is formed
[looking to the globe]
Swami:Excuse sir
Sir: [looks the watch]you are just coming now
Swami:yes, sir
Sir: you are half an hour late
Swami: I know
Sir: why are you late
Swami: [silently] just to see what you can do
Sir: what?
Swami:Headache... sir

Sir: Then why do you come to school?
Swami:My father compelled me to come to class
Sir:Your father is quite right. We need more parents like him.
Swami: you don’t know what he has written for you
Sir: what?
Swami: nothing sir
Sir: All right....Go and take your seat.
[Swami seats]
Sir: yes yes take your notebook. Hey Swami what are you doing there. Come here with your notebook. Let me see. Where is your notebook? Oh! Because of your headache. OK sit down.
[The period over]
Sir:OK we are going to start with Vascoda gama right..
Student: Yes.
Swami: Why didn’t Colombus come to India?
Sir:Yes good. He lost his way.
Swami: I can’t believe it. Such a great man lost his way.
Sir: Hey Swami don’t shout
Swami: I am not shouting. How can I control my sound.
Sir: I say you shut up and sit down. Now listen you can ask doubts. When did gama come to India Rahul?
Swami: 1498 December 20 sir
Sir: What happened Swami? Have your headache made you mad?
Swami: now I have no headache sir
Sir: sit down Idiot...
Swami: If you get up again I will cane you.
[The last period]

Sir: OK I am going to ask you some questions about Mughal emperor. Who is the most religious strongest and greatest king?
Swami stands for answering the question
Sir: sit down
Swami: No sir I want to answer.
Sir: what did I say If you get up again?
Swami: You said you would cane me and peel off my skin.
Sir: all right come here.
[Sir beat swami]
Sir: is it enough, you want some more?
[Swami again shows his hands]
Head Master’s Room
Swami: Rametta..... Rametta... Where is the HM?
Peon: Why do you want him?
Swami: My father has sent a letter for him.
Peon: He is on leave from afternoon and will be back after a week. You can hand over the letter to the assistant H M.
Swami: Who is he?
Peon: your class sir Samuel.
Swami: what?
[Home]
Father:Where is the acknowledgement?
Swami: I am sorry father I can’t
Father: Don’t say anything. You are crossing your limit
[He tear the letter]
Don’t lie again. You deserve your Samuel.

[Background]

I hadn’t lied after that but now I thought twice whenever I lie. Today those thoughts are my strengths. Any way Its the time for the class. Let me enter.

Thanks.

[The end]

# ഉബുണ്ടു

പ്രമുഖ ഗ്നു / ലിനക്സ് വിതരണക്കാരായ ഡെബിയൻ ആധാരമാക്കി നിർമിച്ചിരിക്കുന്ന ഒരു സ്വതന്ത്ര കമ്പ്യൂട്ടർ ഓപ്പറേറ്റിങ് സിസ്റ്റമാണ് ഉബുണ്ടു. വളരെ ജനപ്രീതിയാർജിച്ച ഒരു ലിനക്സ് വിതരണമാണിത് ദക്ഷിണാഫ്രിക്കൻ വ്യവസായിയായ മാർക്ക് ഷട്ടിൽവർക്കിന്റെ നേതൃത്ത്വത്തിലുള്ള കാനോന്നിക്കൽ ലിമിറ്റഡ് എന്ന കമ്പനിയിലാണ് ഉബുണ്ടു സ്പോൺസർ ചെയ്യുന്നത്. സ്വതന്ത്ര സോഫ്റ്റ് വെയറായ ഈ ഓപ്പറേറ്റിങ് സിസ്റ്റത്തിന്റെ പേര് ദക്ഷിണാഫ്രിക്കയിലെ ഉബുണ്ടു തത്ത്വചിന്തയിൽനിന്ന് സൃഷ്ടിച്ചതാണ്.

ലളിതമായ ഇൻസ്റ്റലേഷനും ഉപയോഗക്ഷമതയുള്ള തുടർ ച്ചയായി നവീകരിക്കുന്ന, സ്ഥിരത ഉള്ള ഓപ്പറേറ്റിങ് സിസ്റ്റമാണ് ഉബുണ്ടു. ജനപ്രിയങ്ങളായ ലിനക്സ് വിതരണങ്ങൾ കണ്ടെത്താനുള്ള സർവ്വേയിൽ desktoplinux.com സംഘടിപ്പിച്ച 38500 പേർ പങ്കെടുത്ത ഉപയോഗനിർണയത്തിൽ ലിനക്സ് ഡെസ്ക് ടോപ്പ് ഇൻസ്റ്റലേഷനുകളിൽ ഏകദേശം 30% പേർ ഉബുണ്ടു ഉപയോഗിച്ചിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. 2010 ഏപ്രിലിൽ കാനോനിക്കൽ നടത്തിയ അവകാശവാദമനുസരിച്ച് ഉബുണ്ടു 1.2 കോടി ആൾക്കാർ ഉപയോഗിക്കുന്നുണ്ട്. ഇപ്പോൾ

ലിനക്സ് ഉപയോഗിക്കുന്നവരിൽ ഉബുണ്ടു ഉപയോഗിക്കുന്നവർ 50% ആണെന്നും ഇൻർനെറ്റ് ഉപദേശത്തിൻറെ കണക്കുകളിൽ സമർത്ഥിക്കപ്പെടാറുണ്ട്. വെബ് സർവറുകൾക്കിടയിലും ഉബുണ്ടു വ്യാപകമായിക്കൊണ്ടിരിക്കുന്നു.

ഓപ്പൺ സോഴ്സ് അനുമതിയുള്ള വിവിധ സോഫ്റ്റ് വെയർ പാക്കേജുകൾ ഉപയോഗിച്ചാണ് ഉബുണ്ടു സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഗ്നു സാർവ്വജനിക അനുമതിയാണ് പ്രധാന അനുമതി. ഒപ്പം തന്നെ ഗ്നു ലഘുസാർവ്വജനിക അനുമതിയും ഉപയോഗിച്ചിട്ടുണ്ട്. ഇത് ഉപയോക്താക്കൾക്ക് ഉബുണ്ടു പ്രവർത്തിപ്പിക്കാനും വിതരണം ചെയ്യാനും പകർത്താനും മാറ്റം വരുത്താനും പഠനങ്ങൾ നടത്താനും വികസിപ്പിക്കാനും അഴിച്ചുപണിയാനും ഉള്ള അവകാശം നൽകുന്നു.

കാനോനിക്കൽ ലിമിറ്റഡാണ് ഉബുണ്ടുവിനെ സ്വതന്ത്ര സോഫ്റ്റ് വെയറായി നിർവ്വചിച്ചിരിക്കുന്നതിനാൽ സമൂഹത്തിലുള്ള വിദഗ്ധരുടെയും അവിദഗ്ധരുടെയും സേവനവും പ്രയോജനപ്പെടുത്താൻ കഴിയണം. ഉബുണ്ടു വിൽക്കുന്നതിനു പകരം ഉബുണ്ടുവിനാവശ്യമായ സേവനങ്ങളും സാങ്കേതിക സഹായവും പണം വാങ്ങി നൽകിയാണ് പണം ശേഖരിക്കുന്നത്.

# बारिश

बारिश..
तुम क्यों आये हो ?
इतने सारे मानवों को
हराने के लिए तुम क्यों आये हो ?
बारिश..
एक दिन था ,
सारे मानव तुम्हारा प्रवेश
बहुत प्यार से देखता ।
लेकिन,आज
तुम्हारे आवागमन कई जीवन खराब कर दिये ।
बारिश..
तुम क्यों चिल्लाते हुए ?
तुम्हारे दुःख का कारण
यह मानव है ना ?
मनुष्य ने धरती दूषित कर दिया,
सारी नदियों को व्यर्थ बना दिया ।
विविध प्रकार मानव ने अपनी
मॉ से की अत्याचार ।
बारिश..
इस हरकत के लिए
बहुत सहना पडा मानव को
कब मालूम होगा ,
यह गलत है ?
बारिश..
अगर,तुम्हारी चिल्लाहट रूकेगी
मानव के और
सारे जिवजंतुओं के जान
व्यर्थ होंगे ।
उस दिन मानव को
रक्षा नौका लेकर
कोई ईश्वर नहीं आयेगा ।
और कोई ईश्वर नहीं आनेवाले हैं

# രാത്രി

രാഗേന്ദു തൂവുന്ന
വെണ്ണിലാപ്പാലൊളി
മിന്നും പോലെ ...

കാർമേഘക്കീറുകൾ
പെയ്തൊഴിയുന്നിതാ..
മാനസ വ്യോമത്തിൽ
നിന്നു മെല്ലേ .....

ഇവിടൊരു ഉൺമയാം
ഒരുമതൻ മൃദു നാദം
രാഗമായ മീട്ടുന്ന
ഹൃദയരാത്രി......

ശ്രദ്ധ ആദർശ്
ക്ലാസ് : 9 H

# അദ്ധ്വാനം

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു കൊച്ചു കുടുംബം ഒരു കുടിലിൽ താമസിച്ചിരുന്നു. ആ കുടുംബം നിലനിന്നത് അച്ഛന്റെ വരുമാനത്തിലായിരുന്നു. അദ്ദേഹത്തിന്റെ മകൻ ജോലിയോട് ആത്മാർത്ഥ പുലർത്തിയില്ല. അവൻ വളരെ മടിയനായിരുന്നു. വളർന്ന് വലുതായിട്ടും കുടുംബത്തെ പറ്റി ഒരു ചിന്തയും ഇല്ലായിരുന്നു .

ഒരു ദിവസം അച്ഛൻ അവനോട് വഴക്കിട്ടു "നീ ഇത്ര വളർന്നിട്ടും കുടുംബത്തിന് ഒരു ഗുണവും ഇല്ലല്ലോ ?" അങ്ങനെ അച്ഛനോട് ഉള്ള വാശിക്ക് അവൻ അടുത്ത ദിവസം ജോലി തേടി ഇറങ്ങി . പക്ഷെ അതിന് ഒരു ഫലവും ഉണ്ടായിരുന്നില്ല . അവൻ ദുഖത്തോടെ വീട്ടിൽ മടങ്ങിയെത്തി . അവൻ അവന്റെ ദുഖങ്ങൾ അമ്മയുമായി പങ്കുവെച്ചു .അവന്റെ അമ്മ അച്ഛൻ വഴക്കു പറയുമെന്ന് കരുതി .അവന്റെ അമ്മ അവന് വഞ്ചിയിൽ നിന്ന് മകന് കാശ് കൊടുത്തു. അപ്പോൾ അവന് സന്തോഷമായി . ആ ആനന്ദത്തിൽ അവന്റെ ചിന്ത മറ്റെങ്ങോ കടന്നു "എന്നും ഇങ്ങനെ ആയാൽ അധ്വാനിക്കുകയും വേണ്ട , അച്ഛന്റെ വഴക്കും കിട്ടില്ല " .വൈകിട്ട് അച്ഛൻ ജോലി കഴിഞ്ഞ് വീട്ടിൽ തിരികെ എത്തിയപ്പോൾ അവൻ അധ്വാനിച്ച പണമാണെന്നു പറഞ്ഞ് ഏൽപ്പിച്ചു.

**അദ്ദേഹം പണം കിണറ്റിൽ ഇട്ടു. ഇത് കണ്ടിട്ട് അവന് പ്രത്യേകിച്ച് ഒന്നും തോനിയില്ല. എന്നിട്ട് അടുത്ത ദിവസവും ജോലിക്ക് പോവുകയാണ് എന്ന് പറഞ്ഞ് അമ്മയെ കബളിപ്പിച്ച് വീട്ടിൽ നിന്ന് ഇറങ്ങി . പകൽ മുഴുവനും അലഞ്ഞ് നടന്നിട്ട് വൈകിട്ട് വീട്ടിൽ തിരിച്ചെത്തി . വീണ്ടും അമ്മയെപ്പറ്റിച്ച് പണം വാങ്ങി അച്ഛനെ ഏൽപ്പിച്ചു വീണ്ടും അച്ഛൻ പണം കിണറ്റിൽ ഇട്ടു . എന്നിട്ടും അവന് ഒന്നും തോന്നിയില്ല . പിറ്റേന്ന് അവൻ ഇത് ആവർത്തിച്ചു .കുറെ നാൾ**

കഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു " ഇന്നെങ്കിലും ജോലി വാങ്ങണം .എന്റെ കയ്യിൽ പണം ഇല്ല " .അപ്പോൾ അവന് തോന്നി ഇനിയെങ്കിലും അമ്മയെ കബിളിപ്പിക്കാതെ അധ്വാനിച്ച ജീവിക്കണമെന്ന് . ആ ദിവസം അവന്റെ ജിവിതത്തിൽ ഒരു പുതിയ തുടക്കമായിരുന്നു . അവൻ ഒരുപാട് അന്വേഷിച്ച് ഒരു ജോലി ഒപ്പിച്ചു .

അന്ന് വൈകിട്ട് വളരെ അധികം സന്തോഷത്തോടെ അവൻ വീട്ടിൽ തിരിച്ച് എത്തി. അച്ഛൻ വരാൻ വേണ്ടി കാത്തിരുന്നു .അച്ഛൻ വന്നപ്പോൾ അവൻ പണം കൊടുത്തു .എന്നിട്ടും അച്ഛൻ പണം കൊണ്ട് കിണറ്റിൽ ഇടാൻ പോയി . ഇത് കണ്ടപ്പോൾ അവന് സങ്കടം സഹിക്കാൻ ആയില്ല . ഇത് കണ്ട് നിന്ന അച്ഛന് അവൻ അധ്യാനിച്ച പണം ആണ് ഇത് എന്ന് അച്ഛന് മനസിലായി അച്ഛൻ പണം അവന് തിരികെ നൽകി . എന്നിട്ട് അച്ഛൻ അവനോട് പറഞ്ഞു " നീ ഇപ്പോൾ ആണ് അധ്വാനിച്ച് ജീവിക്കാൻ പഠിച്ചത് " .അങ്ങനെ അവനും അവന്റെ അച്ഛനും സന്തോഷപൂർവ്വം കുടുംബം പുലർത്തി.

# ഉജ്ജ്വല നേട്ടവുമായി ലിറ്റിൽ കൈറ്റ് അംഗങ്ങൾ

ലിറ്റിൽ കൈറ്റ് അംഗങ്ങൾ വിവര സാങ്കേതിക മേഖലയിൽ മാത്രമല്ല മറ്റ് മേഖലകളിലും ഉജ്ജ്വല നേട്ടം കരസ്ഥമാക്കി. ഒരോ കുട്ടിയുടേയും കഴിവുകൾ പ്രകടിപ്പിച്ചു.

2019-20 സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നിഹാരികനാഥ് വീണപാശ്ചാതൃത്തിലൂടെ A ഗ്രേഡ് കരസ്ഥമാക്കി .മികച്ച പ്രകടനം കാഴ്ചവെച്ച് സ്കൂൾ കിരീടത്തിന് ഒരു പൊൻതൂവലായി. സംസ്ഥാന പ്രവൃത്തി പരിചയ മേളയിൽ ബീഡ്സ് വർക്കിൽ ആമിന അലി A ഗ്രേഡ് കരസ്ഥമാക്കി അഭിമാനമായി തീർന്നു.

സബ്ബ് ജില്ല സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റിന് Ist A ഗ്രഡ് നേടി ജില്ലാ കലോത്സവത്തിന് യോഗ്യത നേടുകയും ചെയ്തു ലറ്റിൽ കൈറ്റ് അംഗം ഷിയാംഗ് എസ്സ്.

ദേശിയ ബാലശാസ്ത്ര കോൺഗ്രസ് ജില്ലാതലത്തിൽ സംഘടിപ്പിച്ച റിസേർച്ച് ടൈപ്പ് പ്രോജക്റ്റിൽ അഭിരാമി.എ.എസ്സ് പങ്കെടുക്കുകയും I' st A ഗ്രഡ് കരസ്ഥമാക്കുകയും ചെയിതു. സബ്ബ് ജില്ല സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റിന്
Ist A ഗ്രഡ് നേടുകയും കായിക മേളയിൽ ജൂനിയർ

കബഡിയിൽ ജില്ലയിൽ പങ്കെടുക്കുന്നതിന് യോഗ്യത കരസ്ഥമാക്കി. സബ്ബ് ജില്ല സ്കൂൾ ശാസ്ത്ര മേളയിൽ ശാസ്ത്രനാടകം അവതരിപ്പിക്കുകയും II A ഗ്രേഡ് കരസ്ഥമാക്കുകയും ചെയ്തു. [1]

2019-20 സബ്ബ് ജില്ല സ്കൂൾ കലോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റിന് അതുൽ എസ്സും ശ്രീരാഗ് എസ്സ് യു വും മികവ് പുലർത്തുകയും Ist A ഗ്രേഡ് നേടുകയും ചെയ്തു.

സബ്ബ് ജില്ല സ്കൂൾ ശാസ്ത്രമേളയിൽ റിസെർച്ച് ടൈപ്പ് പ്രോജക്ടിൽ ഗൗതം പി.എസ്സിന് II A ഗ്രേഡ് ലഭിക്കുകയും ചെയിതു.

സബ്ബ് ജില്ല സ്കൂൾ കലോത്സവത്തിൽ സംഘനൃത്തത്തിൽ ആദിലാ നൗഷാദിന് III A ഗ്രേഡു ലഭിക്കുകയും ചെയ്തു.

1

# സ്റ്റീഫൻ വില്യം ഹോക്കിംഗ്



ഇംഗ്ലീഷ് സൈദ്ധാന്തിക ഭൗതികശാസ്ത്രജ്ഞൻ, പ്രപഞ്ച ശാസ്ത്രജ്ഞൻ, എഴുത്തുകാരൻ എന്നിവയായിരുന്നു സ്റ്റീഫൻ വില്യം ഹോക്കിംഗ് CH CBE FRS FRSA (8 ജനുവരി 1942 - 14 മാർച്ച് 2018). മരണസമയത്ത് കേംബ്രിഡ്ജ് സർവകലാശാലയിലെ സെന്റർ ഫോർ തിയററ്റിക്കൽ കോസ്മോളജിയിൽ ഗവേഷണ ഡയറക്ടറായിരുന്നു. 1979 നും 2009 നും ഇടയിൽ കേംബ്രിഡ്ജ് സർവകലാശാലയിലെ ലൂക്കേഷ്യൻ മാത്തമാറ്റിക്സ് പ്രൊഫസറായിരുന്നു.

പൊതു ആപേക്ഷികതയുടെ ചട്ടക്കൂടിലെ ഗുരുത്വാകർഷണ സിംഗുലാരിറ്റി സിദ്ധാന്തങ്ങളെക്കുറിച്ചുള്ള റോജർ പെൻറോസുമായുള്ള സഹകരണവും തമോദ്വാരങ്ങൾ വികിരണം പുറപ്പെടുവിക്കുന്നു എന്ന സൈദ്ധാന്തിക പ്രവചനവും ഹോക്കിംഗിന്റെ ശാസ്ത്രീയ കൃതികളിൽ ഉൾപ്പെടുന്നു. സാമാന്യ ആപേക്ഷികതാ സിദ്ധാന്തത്തിന്റെയും ക്വാണ്ടം മെക്കാനിക്സിന്റെയും ഒരു യൂണിയൻ വിശദീകരിച്ച പ്രപഞ്ചശാസ്ത്ര സിദ്ധാന്തം ആദ്യമായി തയ്യാറാക്കിയത് ഹോക്കിംഗ് ആയിരുന്നു. ക്വാണ്ടം മെക്കാനിക്സിന്റെ നിരവധി ലോക വ്യാഖ്യാനത്തെ ശക്തമായി പിന്തുണച്ചയാളായിരുന്നു അദ്ദേഹം.

ജനപ്രിയ ശാസ്ത്രത്തിന്റെ നിരവധി കൃതികളിലൂടെ ഹോക്കിംഗ് വാണിജ്യ വിജയം നേടി, അതിൽ അദ്ദേഹം തന്റെ

സിദ്ധാന്തങ്ങളെയും പ്രപഞ്ച ശാസ്ത്രത്തെയും കുറിച്ച് ചർച്ച ചെയ്യുന്നു. സൺഡേ ടൈംസിന്റെ ബെസ്റ്റ് സെല്ലർ പട്ടികയിൽ 237 ആഴ്ച റെക്കോർഡ് സൃഷ്ടിച്ച അദ്ദേഹത്തിന്റെ എ ബ്രീഫ് ഹിസ്റ്ററി ഓഫ് ടൈം എന്ന പുസ്തകം പ്രത്യക്ഷപ്പെട്ടു. റോയൽ സൊസൈറ്റിയുടെ ഫെലോ, പോണ്ടിഫിക്കൽ അക്കാദമി ഓഫ് സയൻസസിന്റെ ആജീവനാന്ത അംഗം, അമേരിക്കയിലെ പരമോന്നത സിവിലിയൻ അവാർഡായ പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം എന്നിവയായിരുന്നു ഹോക്കിംഗ്. 2002 ൽ ബിബിസിയുടെ ഏറ്റവും മികച്ച 100 ബ്രിട്ടീഷുകാരുടെ വോട്ടെടുപ്പിൽ ഹോക്കിംഗ് 25-ആം സ്ഥാനത്തായിരുന്നു.

1963-ൽ, ഹോക്കിംഗിന് തുടക്കത്തിൽ തന്നെ മന്ദഗതിയിലുള്ള മോട്ടോർ ന്യൂറോൺ രോഗം (അമിയോട്രോഫിക് ലാറ്ററൽ സ്ക്ലിറോസിസ് അല്ലെങ്കിൽ ലൂ ഗെറിഗ് രോഗം എന്നും അറിയപ്പെടുന്നു) കണ്ടെത്തി, ഇത് പതിറ്റാണ്ടുകളായി അവനെ ക്രമേണ തളർത്തി.

## ലിറ്റിൽകൈറ്റ് അംഗങ്ങൾ


































# നന്ദി...




അഞ്ചൽ വെസ്റ്റ് ഗവ. ഹയർ സെക്കൻഡറി സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ് പ്രവർത്തനങ്ങളും സ്ക്കൂളിലെ മികവുകളും ഉൾപ്പെടുത്തിയ ഈ ഇ-മാഗസിൻ സമ്പൂർണമല്ല. മാഗസിന്റെ പ്രവർത്തനങ്ങൾക്ക് നിരവധി അധ്യാപകരും ക്ലബ് അംഗങ്ങളും വിദ്യാർത്ഥികളും സഹകരിച്ചിട്ടുണ്ട്. എല്ലാവർക്കും, പ്രത്യേകിച്ച് ലിറ്റിൽ കൈറ്റ്സ് രൂപീകരിച്ച  ഐ.ടി.അറ്റ് സ്ക്കൂളിനും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി.



സ്റ്റുഡന്റ് എഡിറ്റർ